പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 5115

23.03.2018 -ലെ മറുപടിയ്ക്ക്

**ബീഡി തൊഴിൽ മേഖല**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.രാജഗോപാലൻ : | ശ്രീ. ടി.പി.രാമകൃഷ്ണൻ (ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം ബീഡി വ്യവസായ തൊഴിൽ മേഖല പ്രതിസന്ധിയിലായ വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. ജി.എസ്.ടി നിലവിൽ വരുന്നതിന് മുൻപ് 14.5 % നികുതിയാണ് നിലവിൽ ഉണ്ടായിരുന്നത് ഇപ്പോൾ 28 % ആയി വർദ്ധിച്ചിട്ടുണ്ട്. ഈ നികുതി വർദ്ധന സംസ്ഥാനത്ത് ബീഡിയുടെ വിലവർദ്ധനവിന് കാരണമായിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന ബീഡി ടാക്സ് അടയ്ക്കാതെ വ്യാജമായി സംസ്ഥാന വിപണിയിലെത്തുകയും കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാകുകയും ചെയ്യുന്നുണ്ട്. 28 % നികുതി നൽകേണ്ടി വരുന്നതിനാൽ ദിനേശ് ബീഡി കമ്പനി ഉൾപ്പെടെയുള്ള നിർമ്മാതാക്കൾക്ക് ബീഡി വില കൂട്ടി വിൽക്കേണ്ടി വരുന്നു. ഇത് സംസ്ഥാനത്തെ ബീഡി വ്യവസായ മേഖലയെ പ്രതിസന്ധിയിലാക്കുന്നു. |
| (ബി) വ്യാജ ബീഡി വ്യാപകമായതോടെ പ്രസ്തുത തൊഴിൽ മേഖലയിൽ ഉണ്ടായ പ്രതിസന്ധി പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ഇതിനാള്ള ബദൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് 19.03.2018-ലെ സ.ഉ.(സാധാ) നം.303/2018/ തൊഴിൽ ഉത്തരവിലൂടെ 20 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിനൊപ്പം ചെക്ക്പോസ്റ്റുകളിലെ പരിശോധന ശക്തിപ്പെടുത്തി വ്യാജ ബീഡിയുടെ വരവിനെ തടയുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |

Sreedas
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - - കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിന് ധനസഹായമായി 20 കോടി രൂപ അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്**

സ.ഉ.(സാധാ)നം. 303/2018/തൊഴിൽ തീയതി, തിരുവനന്തപുരം: 19.03.2018

പരാമർശം: 1) 19.09.2017-ലെ കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കെ.ബി/263/2017 നമ്പർ കത്ത്.

2) 23.01.2018-ലെ ലേബർ കമ്മീഷണറുടെ ഡബ്ല്യു (1) 8325/17 നമ്പർ റിപ്പോർട്ട്

3) 06.03.2018-ലെ സ.ഉ.(പി) 33/2018/ധന.

## ഉത്തരവ്

2017-18 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ ബീഡി -ചുരുട്ട തൊഴിലാളി ക്ഷേമനിധി ബോർഡിന് ധനസഹായമായി പ്രഖ്യാപിച്ച 20,00,00,000/-രൂപ (ഇരുപത് കോടി രൂപ മാത്രം) ടി ബോർഡിന് ബജറ്റിൽ നൽകിയിട്ടുള്ള ശീർഷകമായ 2230-01-103-73-10 എന്നതിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത തുക e-LAMS -ൽ പോസ്റ്റ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ചെയ്യുന്നതിന് ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മോഹനകുമാർ എ.കെ.

അഡീഷണൽ സെക്രട്ടറി.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, PPXIII.140, എ.കെ.ജി ആശുപത്രിക്ക് പിറകുവശം, തളാപ്പ്, കണ്ണൂർ -2

ലേബർ കമ്മീഷണർ, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (641819/എച്ച് & എൽ -എ 2/189/2017/ധന തീയതി 14.03.2018 പ്രകാരം )

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ആഡിറ്റ് ), കേരള, തിരുവനന്തപുരം.

തൊഴിലും നൈപുണ്യവും (ജെ) വകുപ്പിന്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ